Volume 7(1) March 2020 ISSN : 2348 - 7984

# JOURNAL OF dbct

Biannual
Multidisciplinary Journal



Devaswom Board College, Thalayolaparambu

# Content


1. A study on *invitro* antioxidant activity of *moringa oleifera* leaf
   Athira Nair D, Sreelatha S.L, James T J, Bibu John Kariyil *03-10*
2. Nation as a political labyrinth in basma abdel aziz's novel '*The queue*'
   Jishnu Prasad *11-16*
3. ദേശി വഴക്കം - പി ഭാസ്കരന്റെ ഗാനങ്ങളിൽ
   Biju R. *17-27*
4. മിത്തുകളുടെ നിർമ്മിതി മുകുന്ദന്റെ നോവലുകളിൽ
   Jaya M.R. *28-36*
5. തൊഴിലിടങ്ങളിലെ മെട്രോരതി നവ സിനിമകളിൽ
   Smrithi S Babu *37-43*
6. കേരളക്രൈസ്തവദേവാലയങ്ങളിലെ ചുവർചിത്രങ്ങൾ
   Shaji Varghese *44-55*
7. ആത്മചരിതം ഒരു സാമൂഹ്യവായന
   Jomol Jose *56-64*
8. Political system in the age of the panchatantra
   Chithra Bhaskar *65-74*
9. Sopana Sangeetham – The Unique Music System of Kerala
   Pooja P. Balasundaram *75-80*
10. ധർമ്മപുരാണം - പ്രവാചകന്റെ കല
    Shyla Abraham *81-87*

ISSN 2348-7984

# ആത്മചരിതം ഒരു സാമൂഹ്യവായന

**Jomol Jose**

*Department of Malayalam*
*St. Alosius College, Edathewa - 689 573*
*j7m4purackal@gmail.com*

ഏതെങ്കിലും ഒരു പ്രത്യേകദേശത്ത് പ്രത്യേക സാംസ്കാരികാന്തരീക്ഷത്തിൽ ജീവിക്കുന്ന ജനതയെയാണ് സമൂഹം എന്ന് വിളിക്കുക.[1] ഒരേ സംസ്കാരം പങ്കുവയ്ക്കുന്ന ജനക്കൂട്ടമാണ് സമൂഹം. തന്റെ വികാരവിചാരങ്ങൾ പങ്കുവയ്ക്കാനുള്ള പ്രവണത എല്ലാ മനുഷ്യനിലും എല്ലാകാലത്തും കാണപ്പെടുന്നു. സമൂഹമാണ് ഒരു മനുഷ്യന്റെ വ്യക്തിത്വം നിർണയിക്കുന്നത്. മനുഷ്യൻ സമൂഹജീവിയാണ്. മനുഷ്യർക്കിടയിലുള്ള പരസ്പരബന്ധങ്ങളുടെ ആകെത്തുകയാണ് സമൂഹം.[2] പരസ്പരം സഖിത്വം പുലർത്തുന്ന വ്യക്തികളുടെ കൂട്ടായ്മയുമാണത്. മനുഷ്യപ്രകൃതം ഒരുവനിൽ വളരുന്നത് അയാൾ സമൂഹത്തിൽ ജീവിക്കുമ്പോഴും സഹജീവികളുമായി സാധാരണജീവിതം പങ്കുവയ്ക്കുമ്പോഴും മാത്രമാണ്. സാമൂഹികജീവിതം ഒരുവന്റെ മാനസികവും ധൈഷണികവുമായ വികസനത്തിനുപകരിക്കുന്നു. സമൂഹമാണ് വ്യക്തിയുടെ സംസ്കാരം കാത്തുസുക്ഷിക്കുകയും വരുംതലമുറകളിലേയ്ക്ക് കൈമാറുകയും ചെയ്യുന്നത്. മനുഷ്യന്റെ ബൗദ്ധികവും വൈകാരികവും ധാർമികവും ആധ്യാത്മികവുമായ സദാംശങ്ങളുടെ സങ്കലനമാണ് അവന്റെ സാമൂഹികജീവിതം പൂർണവും സമ്പുഷ്ടവും സന്തുഷ്ടവുമായ ഒരു ജീവിതത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്നതും സമൂഹം തന്നെ. 'സമ ഊഹ: സമൂഹം'[3] സമാനമായി ഒന്നിച്ചുചേരുന്നവരാണ് സമൂഹാംഗങ്ങൾ.

ഒരു കൃതിയിൽ ആവിഷ്കൃതമാകുന്ന സമൂഹം, ആ സമൂഹം ഉൾക്കൊള്ളുന്ന തത്വചിന്ത, ഭാഷ, വിദ്യാഭ്യാസം, സാഹിത്യം, കല എന്നിങ്ങനെ ഭിന്നമേഖലകളിലെല്ലാം ഒരു ജനത കൈവരിച്ചിട്ടുള്ള കൂട്ടായ നേട്ടങ്ങളുടേയും കോട്ടങ്ങളുടെയും ആകെത്തുകയാണ്. സമൂഹത്തിന്റെ ജീവിതാവസ്ഥകളുടെ സമാഹാരം കൂടിയാണത്.

ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും മനുഷ്യചേതനയ്ക്കുണ്ടായ നേട്ടങ്ങളുടെ സാരമാണ് സാഹിത്യകൃതികൾ. സാഹിത്യത്തിന്റെ സാമൂഹികമായ പ്രേരണാശക്തിയും തള്ളിക്കളയാവുന്നതല്ല. ഏത് എഴുത്തുകാരനും സമൂഹത്തിന്റെ ഭാഗമാണ്. സമൂഹജീവിയെന്ന നിലയിൽ അദ്ദേഹത്തെ കാണാതെ നിവൃത്തിയില്ല. വംശം, ജീവിക്കുന്ന കാലം, പരിതോവസ്ഥകൾ എന്നിവ അയാളുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുവെന്ന് ഫ്രഞ്ച് നിരൂപകനായ 'ഹിപ്പോളൈറ്റ് ടെയിൻ' അഭിപ്രായപ്പെടുന്നു. വർഗപരവും ചരിത്രപരവുമായ എല്ലാ പ്രേരണകളും മാറ്റിക്കഴിഞ്ഞാൽ വ്യക്തിയുടേതായ സവിശേഷസത്ത എന്നൊന്ന് ഉണ്ടെന്നുപോലും ടെയിൻ കരു

തുന്നില്ല. സമൂഹത്തിൽനിന്ന് വേറിട്ടുനിൽക്കുന്ന സ്വയംഭൂവായ ഒന്നല്ല സാഹിത്യകാരന്റെ മന സ്സ്. കാലഘട്ടം ഗ്രന്ഥകാരനെയും ഗ്രന്ഥകാരൻ കാലഘട്ടത്തെയും സ്വാധീനിക്കുന്ന പരസ്പരാ ശ്രിതബന്ധമാണ് ഇവയ്ക്ക് തമ്മിലുള്ളത്.

പ്രതിഭാശാലിയായ ഒരെഴുത്തുകാരന് സാമൂഹികാവബോധം ഒഴിവാക്കാനാവുന്ന ഒന്നല്ല. ലോകോത്തരങ്ങളും സഹൃദയവേദ്യങ്ങളുമായ സാഹിത്യകൃതികൾക്കെല്ലാം സാമൂഹി കയാഥാർത്ഥ്യങ്ങളാണ് എന്നും പ്രചോദനമായിട്ടുള്ളത്. മാനവസമൂദായത്തിന്റെ അനൗദ്യോ ഗിക നിയമനിർമാതാക്കളാണ് കവികൾ[4] എന്ന് ഷെല്ലി പറയുന്നുണ്ട്. എഴുത്തുകാരന്റെ സാമൂ ഹികാവബോധം തന്നെയാണ് ഇവിടെ ലക്ഷ്യംവയ്ക്കുന്നതും.

വ്യക്തിജീവിതം അനുഭവങ്ങളുടെ ഒരു സഞ്ചയമാണ്. ഒരുവന് സ്വജീവിതത്തിൽ സംലഭ്യമാകുന്ന അനുഭവങ്ങളുടെ രേഖപ്പെടുത്തലാണ് ആത്മചരിത സാഹിത്യം അഥവാ ആത്മകഥ. എഴുത്തുകാരന് സ്വജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങൾ ആത്മനിഷ്ഠമോ സമൂ ഹനിഷ്ഠമോ ആവാം. എഴുത്തുകാരനും സമൂഹവും ജീവിതമെന്ന പൊതുധാരയിലെ നൂൽക്ക ണ്ണികളാണ്. തങ്ങളുടെ രചനകളുടെ ഇതിവൃത്തം തങ്ങൾ ജീവിച്ച സമൂഹമാണെന്ന് മിക്ക ആത്മകഥാകാരന്മാരും പ്രസ്താവിച്ചിട്ടുണ്ട്. എല്ലാ മനുഷ്യരെയുംപോലെ ആത്മകഥാകാര ന്മാരും സമൂഹത്തിന്റെ ഭാഗമാണ്. സാമൂഹ്യപ്രതിഭാസവുമാണ്. താനുൾപ്പെടുന്ന സമൂഹമാണ് അയാളുടെ പ്രമേയം. അറിഞ്ഞോ അറിയാതെയോ സമൂഹത്തിന്റെ വക്താവുമാണ് അയാൾ. ഡോണെയുടെ വിഖ്യാതവാക്കുകളിൽ ആരും തന്നിൽതന്നെ ഒതുങ്ങിനിൽക്കുന്ന ഒരു ദ്വീപല്ല; വൻകരയുടെ ഒരംശമാണ്. ആകെയുടെ ഒരു ഭാഗം. ''വിജനമായ ഒരു പാറക്കെട്ടിൽനിന്ന് അകലെ നടക്കുന്ന ഒരു ഘോഷയാത്രയെ വീക്ഷിക്കുന്ന കഴുകനെപ്പോലെ''[5] ''തന്നിൽനിന്ന് മാറിനിന്നുകൊണ്ട് താനുൾപ്പെടുന്ന സമൂഹത്തെ നോക്കിക്കാണാൻ അയാൾക്ക് കഴിയണം. ആത്മകഥാകാരൻ കൈകാര്യംചെയ്യുന്നത് അതിവിദൂരഭൂതകാലമല്ല, മറിച്ച് അയാൾക്ക് സമീപ സ്ഥമായ കാലഘട്ടമാണ്, സമീപസ്ഥമായ സംഭവങ്ങളാണ്. സമീപസ്ഥമായ ചരിത്രത്തെ, കാലത്തെ സ്വന്തം അനുഭവപരിസരത്തിലൂടെ അടയാളപ്പെടുത്തുവാനുള്ള ശ്രമമാണ് ആത്മക ഥ. ആത്മകഥാസാഹിത്യം സാമൂഹികയാഥാർഥ്യങ്ങളുടെ വെറും പ്രതിഫലനം മാത്രമല്ല, പ്രതി പാദ്യവിഷയങ്ങളെക്കുറിച്ച് അയാളുടെ ബോധ്യവും വിലയിരുത്തലും അതിൽ ഉണ്ടാവും. അയാൾ യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുന്നതോടൊപ്പം യാഥാർഥ്യങ്ങളോടുള്ള മനോഭാവ ത്തെയും വീക്ഷണഗതിയെയും വെളിപ്പെടുത്തുന്നു.

സ്വാനുഭവങ്ങളുടെ ആവിഷ്കാരമാണ് ആത്മകഥാസാഹിത്യം. ഒരു വ്യക്തി തന്റെ ജീവിതം തനിക്ക് എങ്ങനെ അനുഭവപ്പെട്ടു എന്ന് സമൂഹത്തോട് വെളിപ്പെടുത്തുന്ന രചനാരൂപ മാണിത്. ആത്മകഥാകാരൻ സമൂഹത്തിന്റെ ഭാഗമാണ്. താനുൾപ്പെടുന്ന സമൂഹമാണ് ആത്മക ഥാകാരന്റെ പ്രമേയം. സാമൂഹികമായ കാഴ്ചപ്പാടുകളോടെ സ്വന്തം ചരിത്രമെഴുതുന്ന ഒരുവൻ

സാമൂഹിക യാഥാർത്ഥ്യങ്ങൾ രേഖപ്പെടുത്തുന്നു. ആത്മകഥാകാരന്റെ അതുവരെയുള്ള ജീവിതത്തിൽനിന്ന് അയാൾക്ക് ലഭിച്ച സാമൂഹികമായ ഉപലബ്ധിയാണ് അയാളുടെ ജീവിതകഥ.

കാലത്തെയും ചരിത്രത്തെയും അഗാധമായി അനുഭവിച്ചറിഞ്ഞ വ്യക്തികളുടെ ആത്മകഥകൾ, ചരിത്രത്തിന് വിസ്മരിക്കാവുന്നതല്ല. സ്വന്തം കഥയെഴുതാനുള്ള ശ്രമം സമൂഹത്തിന്റെ കഥയെഴുത്തായി പരിണമിക്കുന്നു. അഥവാ സാമൂഹികമാനം വൈയക്തികാനുഭവങ്ങളെ പിറകോട്ടു മാറ്റുന്നു. "വ്യക്തിതാൽപര്യങ്ങൾ, വർഗവർണവ്യത്യാസങ്ങൾ, ഭൂമിശാസ്ത്രമാനങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ജനങ്ങളുടെ കൂട്ടായ ജീവിതക്രമമാണ് സമൂഹം".[6] ഇതിൻപ്രകാരം സമൂഹഘടനയിൽ വ്യക്തി, വർഗം, വർണം, ഭൂമിശാസ്ത്രം ആദിയായവ ഉൾചേർന്നിരിക്കുന്നു. സമൂഹചരിത്രമായി പരിണമിക്കുന്ന വ്യക്തികഥകളിൽ തീർച്ചയായും ഈ സാമൂഹിക ഘടകങ്ങളും ലയിച്ചുചേർന്നിരിക്കും. ഈ ഘടകങ്ങളിലുണ്ടാകുന്ന താളപ്പിഴകൾ ആ വ്യക്തി കഥകളുടേയും വിഷയമായി മാറും. സാമൂഹിക പരിവർത്തനങ്ങളെ ഉദ്ഘോഷിക്കുന്ന ആത്മകഥകൾ പ്രശസ്തമാകുന്നതിന് കാരണവും മറ്റൊന്നല്ല.

ലോകത്തിൽ ഏതൊരു സാമൂഹികപരിവർത്തനങ്ങൾക്ക് പിന്നിലും മഹത്‌വ്യക്തികളുടെ കർമപദ്ധതികൾ കാണാം. അങ്ങനെയുള്ളവരുടെ ആത്മകഥകൾ ആ കർമ്മപദ്ധതികളുടെ വിജയപ്രഘോഷണവുമാകും. സ്വാർത്ഥത വെടിഞ്ഞുള്ള പ്രവർത്തനങ്ങൾകൊണ്ട് കാലത്തെ അലങ്കരിച്ചവരുടെ ആത്മകഥകൾ ചരിത്രപുസ്തകങ്ങൾ തന്നെ. ആത്മാനുഭൂതികൾ കൂടിക്കലർന്ന ചരിത്രരേഖകളാണവ. "എല്ലാ സാഹിത്യപ്രസ്ഥാനങ്ങളും പ്രവണതകളും തലമുറകളെ കീഴടക്കി അധികകാലം ജീവിച്ചിരിക്കാറില്ല. കാലയന്ത്രം കുറെക്കഴിയുമ്പോൾ അതിനെ ഛേദിച്ചിടും. എന്നാൽ ഈ പ്രവണതകളിൽ കുറെ ഗ്രന്ഥങ്ങൾ ഭാവിയിലേയ്ക്ക് നടന്നുകയറും. അവ ഭാവിയുടെ ഭാവിക്ക് പാരമ്പര്യമായിത്തീരും."[7]

മലയാള ആത്മകഥകൾ ഏറെയും വ്യക്തിയുടെ കഥ എന്നതിനേക്കാൾ ആ വ്യക്തി ജീവിക്കുന്ന സമൂഹത്തിന്റെയും ചരിത്രസന്ധിയുടെയും കഥയും ചരിത്രവുമാണ്. ഈയൊരു വിഷയത്തിൽ ചിലപ്പോഴെങ്കിലും ഇതരസാഹിത്യരൂപങ്ങളേക്കാൾ അനുയോജ്യമായിത്തീരുന്നത് ആത്മകഥകളാണ്. കാലം തങ്ങളിലേൽപ്പിച്ച അനുഭവസ്മൃതികൾ മിക്ക ആത്മകഥകളിലുമുണ്ട്. സമചിത്തതയോടെ സ്വാനുഭവങ്ങളെ വിലയിരുത്തി പ്രതിപാദിക്കുന്ന ആത്മകഥകളാണ് സമൂഹം സ്വീകരിക്കുന്നത്. തങ്ങൾ അറിഞ്ഞ സമൂഹത്തെ വ്യത്യസ്തരീതിയിലും തോതിലും തങ്ങളുടെ ആത്മാവിഷ്കാരങ്ങളിൽ ഉൾച്ചേർക്കാൻ ശ്രമിച്ച ആത്മകഥാകാരന്മാർ അവരുടെ കൃതികൾക്ക് വൈയക്തികം എന്നതിലുപരി സാമൂഹികമായ ഒരു മാനം നൽകുന്നു.

ഒരു വ്യക്തി സ്വന്തം കഥയെഴുതുമ്പോൾ അവനവന്റെ തൊഴിൽമേഖലയെ മാറ്റിനിർത്തുക അസംഭവ്യമാണ്. തൊഴിലും ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സേവനതൽപരരായ വ്യക്തികൾക്ക് ഏതു തൊഴിലിലും അതിനുള്ള സ്വാതന്ത്ര്യവും സൗകര്യ

വുമുണ്ട്. കെ.സി. മാമ്മൻപിള്ളയുടെ ആത്മകഥയ്ക്കെഴുതിയ അവതാരികയിൽ ആത്മകഥാര ചനയുടെ സഹജവാസനകളെക്കുറിച്ച് കെ.പി. കേശവമേനോൻ സൂചിപ്പിക്കുന്നുണ്ട്. ''തന്നെ ത്തന്നെ പുതിയ വെളിച്ചത്തിൽ കാണുന്നതിനോ സ്വന്തം നേട്ടങ്ങൾ മറ്റുള്ളവരെ അറിയിക്കുന്ന തിനുള്ള മാർഗമായോ ആത്മകഥാരചനയെ കാണുന്നവരുണ്ട്. മനുഷ്യരെ സേവിക്കുന്ന തിൽനിന്നും സഹായിക്കുന്നതിൽനിന്നും ഉണ്ടായ സംതൃപ്തി എന്ത് വലിയ അനുഗ്രഹമായി രുന്നു തന്റെ ജീവിതത്തിൽ എന്ന് സമകാലീനരേയും ഭാവിതലമുറയേയും അറിയിക്കുവാ നുള്ള വ്യഗ്രത ആയിരിക്കാം വേറെ ചിലർക്ക് ലഭിക്കുന്ന പ്രേരണ''[8] എന്ന് കേശവമേനോൻ എഴുതുന്നു. ആത്മകഥാരചനയെക്കുറിച്ചുള്ള തന്റെ ഉൾക്കാഴ്ചതന്നെയാണ് മേനോൻ ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട് അദ്ദേഹം എഴുതുന്നു. ''ഞാനില്ലാതെതന്നെ സ്വാതന്ത്ര്യപ്രസ്ഥാനം മുറയ്ക്ക് നടന്നുകൊള്ളുമെന്ന് എനിക്കറിയാം. ഇന്ത്യയെ സ്വതന്ത്രയാക്കുന്നതിൽ എന്റെ സഹായം ഒഴിച്ചുകൂടാനാവാത്തതാണെന്ന വിചാ രവും എനിക്കുണ്ടായിരുന്നില്ല. എങ്കിലും വിചാരണാതീതമായ ഒരു സംതൃപ്തി. ഒരു സന്തോഷം അതിലേർപ്പെടുമ്പോൾ എനിക്ക് തോന്നിയിരുന്നു'' [9]എന്നാണ് അദ്ദേഹം എഴുതിയി ട്ടുള്ളത്. സ്വാതന്ത്ര്യസമര പെൻഷൻ ഉപേക്ഷിച്ച വ്യക്തിയുമാണ് അദ്ദേഹം. സേവനാദർശം ജീവിതത്തിൽ പ്രായോഗികമാക്കുന്നവരുടെ ആത്മകഥകളിൽ സമൂഹത്തിന് മുൻതൂക്കം ലഭി ക്കും.

വ്യക്തികളുടെ ജീവിതവ്യാപാരങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ആത്മകഥകളുടെ പ്രതിപാദ്യവിഷയങ്ങൾ മാറിവരുന്നു. അങ്ങനെ സാഹിത്യചരിത്രവും കലാത്മകജീവിതവും സാംസ്കാരിക ചരിത്രവും ഔദ്യോഗികജീവിതചരിത്രവും സമുദായ ചരിത്രവുമൊക്കെ ആത്മകഥാസാഹിത്യത്തിന്റെ ഭിന്നമുഖങ്ങളായി പ്രത്യക്ഷപ്പെടുന്നു.

സാഹിത്യകാരന്മാരുടെ ആത്മാവിഷ്കാരങ്ങൾ അവരുടെ സാഹിത്യജീവിതത്തിന്റെ ദർപ്പണങ്ങളാണ്. തങ്ങളുടെ സാഹിത്യസൃഷ്ടികളിൽ പൊതുവിൽ കടന്നുവരുന്ന മൂല്യങ്ങൾ, ബോധ്യങ്ങൾ, അവയ്ക്ക് കാരണമായ ജീവിതാനുഭവങ്ങൾ, വിമർശനങ്ങൾക്കുള്ള മറുപടി കൾ, ഏതെങ്കിലും പ്രത്യേകസാഹിത്യ സൃഷ്ടികൾക്ക് കാരണമായ സന്ദർഭങ്ങൾ ഒക്കെ ഇവ യിൽ ഇതിവൃത്തമാവുന്നു. വൈലോപ്പിള്ളിയുടെ കാവ്യലോകസ്മരണകൾ, ജി. ശങ്കരക്കുറു പ്പിന്റെ ഓർമയുടെ ഓളങ്ങളിൽ, തകഴി ശിവശങ്കരപ്പിള്ളയുടെ ഓർമയുടെ തീരങ്ങളിൽ, കേശ വദേവിന്റെ എതിർപ്പ്, പി. കുഞ്ഞിരാമൻനായരുടെ 'നിത്യകന്യകയെ തേടി', 'എന്നെ തിരയുന്ന ഞാൻ', ചങ്ങമ്പുഴയുടെ 'തുടിക്കുന്ന താളുകൾ' കെ. സുരേന്ദ്രന്റെ ഞാൻ, പുനത്തിൽ കുഞ്ഞ ബ്ദുള്ളയുടെ 'നഷ്ടജാതകം' തുടങ്ങിവ തത്കർത്താക്കളുടെ സാഹിത്യജീവിതചിത്രങ്ങൾ നൽകുന്നു.

കലാകാരന്മാരുടെ ആത്മകഥകൾ കലോപാസനയുടെ അനുഭവപാഠങ്ങളാണ്. കലാ കാരനെന്ന നിലയിൽ അവർ കടന്നുപോന്ന വഴികൾ, കലാജീവിതം നൽകുന്ന സംതൃപ്തി,

കലാജീവിതവുമായി ബന്ധപ്പെട്ട് തങ്ങൾ അനുഭവിച്ച ക്ലേശങ്ങൾ, ദുരിതങ്ങൾ ഭാവികലാകാര ന്മാർക്കുള്ള മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഇവരുടെ ആത്മകഥകളിൽ കാണാം. ഇവ കലാ നിരൂപണം കൂടിയാണ്. കലയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരുടെ അനുഭവപാഠങ്ങൾ ആ കലാപ്രസ്ഥാനത്തിന്റെ ചരിത്രം തന്നെയായി പരിണമിക്കുന്നു. അനുഭവസമ്പന്നമായ തന്റെ കഥകളിജീവിതത്തിന്റെ ഏടുകളാണ് കലാമണ്ഡലം കൃഷ്ണൻനായരുടെ "എന്റെ ജീവിതം അരങ്ങിലും അണിയറയിലും" കലാമണ്ഡലം ഗോപിയുടെ 'ഓർമയിലെ പച്ച', കലാമണ്ഡലം കേശവന്റെ 'അടിയിടറാതെ', കലാമണ്ഡലം ഹൈദരലിയുടെ 'മഞ്ജുതര', കലാമണ്ഡലം ശങ്ക രൻ എമ്പ്രാന്തിരിയുടെ 'സ്വരാർച്ചന' ഇവയും കഥകളിജീവിതത്തിന്റെ ചിത്രങ്ങൾ തന്നെ.

നാടകരംഗത്ത് പ്രവർത്തിച്ചിരുന്നവരുടെ ആത്മകഥകളിൽനിന്ന് നാടകപ്രസ്ഥാന ത്തിന്റെ ചരിത്രംതന്നെ ഇഴപിരിച്ചെടുക്കാം. മലയാള നാടകപ്രസ്ഥാനത്തിന്റെ യൗവനപ്രാപ്തി വരെയുള്ള ചരിത്രമാണ് സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതരുടെ 'ഒരു നടന്റെ ആത്മകഥ'. കാമ്പിശ്ശേരി കരുണാകരന്റെ 'അഭിനയചിന്തകൾ', പി.ജെ. ആന്റണിയുടെ 'എന്റെ നാടകസ്മര ണകൾ' നടനകലാനിധി ഗുരുഗോപിനാഥിന്റെ 'എന്റെ ജീവിതസ്മരണകൾ' എന്നിവ മലയാള നാടകപ്രസ്ഥാനത്തിന്റെ ചരിത്രംതന്നെ ഉൾക്കൊള്ളുന്നു. നാടകാവതരണത്തിലും രചനയിലും അനന്യയമാതൃകയായ എൻ.എൻ. പിള്ളയുടെ ആത്മകഥയാണ് 'ഞാൻ'. തോപ്പിൽ ഭാസിയു ടേയും തിക്കൊടിയന്റേയും ആത്മകഥാകഥനങ്ങളിൽ നാടകപ്രസ്ഥാനചരിത്രവും ഉൾച്ചേർന്നി രിക്കുന്നു. കാഴ്ചയുടെ ലോകത്ത് വിസ്മയങ്ങൾ ജനിപ്പിക്കുന്ന അഭിനേതാക്കളുടെ കാഴ്ച യ്ക്കപ്പുറമുള്ള വ്യക്തിജീവിതകഥകളാണ് മമ്മൂട്ടിയുടെ 'ചമയങ്ങൾ', ഇന്നസെന്റിന്റെ 'ഞാൻ ഇന്നസെന്റ്' എന്നിവ. പി. ഡേവിഡിന്റെ 'ഫ്രെയിമുകൾക്കപ്പുറം' സിനിമാലോകത്തെ അനുഭവ കഥകൾ തുറന്നുകാട്ടുന്നു. കലോപാസനയിലെ ചില ദർശനങ്ങൾ വായനക്കാർക്ക് നൽകുന്ന കൃതിയാണ് ആർട്ടിസ്റ്റ് പി.ജെ. ചെറിയാന്റെ 'എന്റെ കലാജീവിതം' രേഖാചിത്രങ്ങളും വിവരണ ങ്ങളും ഉൾച്ചേർന്ന ആത്മകഥയാണ് ആർട്ടിസ്റ്റ് നമ്പൂതിരിയുടെ 'രേഖകൾ'.

ഔദ്യോഗിക ജീവിതപശ്ചാത്തലത്തിൽ രചിക്കപ്പെടുന്ന ആത്മകഥകൾ തത്കർത്താ ക്കളുടെ ഉദ്യോഗസ്ഥജീവിതവുമായി ബന്ധപ്പെട്ട അധികാരസംവിധാനങ്ങളിലേയ്ക്ക് വിരൽചൂ ണ്ടുന്നു. ഔദ്യോഗിക ജീവിതവുമായി ബന്ധപ്പെട്ട് അവരോടിടപെടുന്ന വ്യക്തികൾ, പ്രസ്ഥാന ങ്ങൾ, കൃത്യനിർവഹണത്തിലുണ്ടാകുന്ന ക്ലേശങ്ങൾ, ഔദ്യോഗിക ജീവിതത്തിൽ തങ്ങളെ നയിച്ച മൂല്യങ്ങൾ ഇവയൊക്കെ വ്യക്തമാക്കാനാവും ഇത്തരം ആത്മകഥാകാരന്മാരുടെ ശ്രമം.

ആലുവ എഫ്.എ.സി.ടിയുടെ സാരഥിയെന്നനിലയിൽ പ്രശസ്തനായ എം.കെ.കെ. നായർ തന്റെ ഔദ്യോഗിക ജീവിതപശ്ചാത്തലത്തിൽ രചിച്ച ആത്മകഥയാണ് 'ആരോടും പരിഭ വമില്ലാതെ, ഒരു കാലഘട്ടത്തിന്റെ കഥ'. തോട്ടം രാജശേഖരന്റെ 'ഉദ്യോഗപർവം' ഒരു സർവീസ് സ്റ്റോറി തന്നെയാണ്. എം.പി. മന്മഥന്റെ 'സ്മൃതിദർപ്പണ'ത്തിൽ ഔദ്യോഗിക ജീവി തസ്മരണകളും ജീവിതദർശനങ്ങളും ഇടകലരുന്നു. "പ്രിൻസിപ്പലുദ്യോഗം വളരെ വലുതാണ്.

അതിലും വലുതാണ് എന്റെ ആത്മാഭിമാനം''[16] എന്ന് അദ്ദേഹം എഴുതി. ജോസഫ് മുണ്ടശ്ശേരിയുടെ 'കൊഴിഞ്ഞ ഇലകൾ' പുത്തേഴത്ത് രാമൻ മേനോന്റെ 'കാഴ്ചപ്പാടുകൾ' ഇവയും ഔദ്യോഗിക ജീവിതാനുഭവങ്ങൾ പറയുന്നു. കെ.എം. റോയിയുടെ 'മരിച്ചവരുടെ ഓർമയ്ക്ക്, പ്രൊഫ. ബി. ഹൃദയകുമാരിയുടെ 'ഓർമകളിലെ വസന്തകാലം, ടി.ജെ.എസ്. ജോർജിന്റെ 'ഘോഷയാത്ര', പ്രൊഫ. ആർ.എസ്. പണിക്കരുടെ 'സ്മരണകളുടെ സൗകുമാര്യം' എന്നിവയും ഈ വിഭാഗത്തിൽവരുന്നു. ഡി. ബാബു പോളിന്റെ 'കഥ ഇതുവരെ' ഒരർത്ഥത്തിൽ സർവീസ് സ്റ്റോറി തന്നെയാണ്. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ 'ആത്മകഥ', ജസ്റ്റീസ് കെ. ടി. തോമസിന്റെ 'ന്യായപീഠത്തിലെത്തും മുമ്പ്' തുടങ്ങിയവ നീതിന്യായരംഗത്തെ അനുഭവകഥകൾ പറയുന്നു. ഔദ്യോഗിക ജീവിതപ്രധാനമായ ആത്മാനുഭവങ്ങളിൽ ചാലിച്ച് താൻ ജീവിച്ച നാടിന്റെ സാംസ്കാരികചരിത്രമെഴുതിയ ആത്മകഥാകാരനാണ് തിക്കൊടിയൻ. ഔദ്യോഗിക ജീവിതവും സാഹിത്യപ്രവർത്തനങ്ങളും ഇടകലരുന്ന ആത്മകഥകളാണ് എസ്. ഗുപ്തൻ നായരുടെ മനസാസ്മരാമി, സുകുമാർ അഴീക്കോടിന്റെ 'അഴീക്കോടിന്റെ ആത്മകഥ' എന്നിവ. ഒരു സാഹിത്യകാരി എന്നനിലയിലേക്കുള്ള തന്റെ വളർച്ചയ്ക്ക് പശ്ചാത്തലമേകിയ വീടന്തരീക്ഷം വെളിപ്പെടുത്തുന്ന കൃതിയാണ് ചന്ദ്രമതിയുടെ 'ഞാൻ ഒരു വീട്'.

വ്യക്തി ഉൾച്ചേർന്നിരിക്കുന്ന സമൂഹത്തിന്റെ സാംസ്കാരിക ചിത്രങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് രചിക്കപ്പെടുന്ന ആത്മകഥകൾ സാംസ്കാരിക ചരിത്രങ്ങൾതന്നെ ഒരു നൂറ്റാണ്ടിനു മുൻപുള്ള തിരുവിതാംകൂറിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ഒരു ഛേദഖണ്ഡമാണ് പി.കെ. നാരായണപിള്ളയുടെ 'സ്മരണമണ്ഡലം'. വടക്കെ മലബാറിലെ തീയരുടെ സാംസ്കാരിക ചരിത്രംതന്നെയായ ആത്മകഥയാണ് സി.കെ. രേവതിയമ്മയുടെ 'സഹസ്രപൂർണിമ'. വൈപ്പിൻ ദ്വീപിന്റെയും കൊച്ചിയുടേയും സാമൂഹ്യസാംസ്കാരിക ചരിത്രം ഇഴുകിച്ചേരുന്ന രചനയാണ് ജോസഫ് ചിയ്യേടന്റെ 'പിന്നിട്ട വഴിത്താരകൾ'. പാരിസ്ഥിതിക പ്രാധാന്യമുള്ള ആത്മകഥയാണ് കല്ലേൻ പൊക്കുടന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം'. സർദാർ കെ.എം. പണിക്കരുടെ 'ആത്മകഥ', പി. നാരായണൻ നായരുടെ 'അരനൂറ്റാണ്ടിലുടെ', എ.കെ. ജിയുടെ 'ആത്മകഥ', കെ.എ. ദാമോദരമേനോന്റെ 'ആത്മകഥ', ചെറുകാടിന്റെ 'ജീവിതപ്പാത', ഫാ. വടക്കന്റെ 'എന്റെ കുതിപ്പും കിതപ്പും', പുതുപ്പള്ളി രാഘവന്റെ 'വിപ്ലവസ്മരണകൾ', ജോസഫ് ചാഴികാടന്റെ 'ആത്മകഥ', എം.എം. വർക്കിയുടെ 'ഓർമകളിലൂടെ', മൻമഥന്റെ 'സ്മൃതിദർപ്പണം', പി.ആർ. കുറിപ്പിന്റെ 'എന്റെ നാടിന്റെ കഥ എന്റേയും', ടി.എൻ. ജയകുമാറിന്റെ 'ശുചീന്ദ്രം രേഖകൾ', കെ.ആർ. ഗൗരിയമ്മയുടെ 'ആത്മകഥ', സി.എച്ച് കുഞ്ഞപ്പയുടെ 'സ്മരണകൾ മാത്രം', ഇ. മൊയ്തുമൗലവിയുടെ 'ആത്മകഥ', വി.എം. വിഷ്ണുഭാരതീയന്റെ 'അടിമകളെങ്ങനെ ഉടമകളായി', നെട്ടൂർ പി. ദാമോദരന്റെ 'അനുഭവച്ചുരുളുകൾ തുടങ്ങിയവയിൽ രാഷ്ട്രചരിത്രം ഇഴചേരുന്നു. എം.വി. രാഘവന്റെ 'ഒരു ജന്മം', വെള്ളാപ്പള്ളി നടേശന്റെ 'എന്റെ ഇന്നലെകൾ', ഒ. രാജഗോപാലിന്റെ 'ജീവിതാമൃതം' എന്നിവ ഗ്രന്ഥകർത്താക്കളുടെ പൊതുജീവിതത്തിന്റെയും ഒപ്പം സംസ്ഥാന ദേശീയ രാഷ്ട്രീ

യത്തിന്റെയും ഛേദമുഖങ്ങളാണ്. ''മനുഷ്യനെ മനുഷ്യനായി കാണാനും അടിച്ചമർത്തപ്പെട്ട അധഃസ്ഥിതരും പാവപ്പെട്ടവരുമായ ബഹുഭൂരിപക്ഷം ജനങ്ങളിലും താൻ ആരുടേയും അടിമ യല്ല എന്ന ബോധ്യം പടുത്തുയർത്താനും കഴിഞ്ഞ സംസ്ഥാനമാണ് കേരളം. കേരളചരിത്ര ത്തിന് ഒരുവേള തന്റെ ഓർമക്കുറിപ്പുകളും സഹായകമാകും''[11] എന്ന് തന്റെ ആത്മകഥയുടെ ആമുഖത്തിൽ ഗൗരിയമ്മ വ്യക്തമാക്കുന്നു.

പാരസ്പര്യവികാരം ഏറ്റമധികം ദൃശ്യമാകുന്ന സാമൂഹിക ഘടകമാണ് സമുദായം. അതിനാൽ സമുദായ ജീവിതത്തെ കേന്ദ്രീകരിക്കുന്ന ആത്മകഥകൾ സാമൂഹികജീവിതം അതി ശക്തമായി ദ്യോതിപ്പിക്കും. നമ്പൂതിരി സമുദായചരിത്രം ഇഴചേരുന്ന ആത്മകഥകളാണ് ഇ. എം.എസിന്റെ 'ആത്മകഥ', പുതുപ്പള്ളി രാഘവന്റെ 'വിപ്ലവസ്മരണകൾ' ഒന്നാം ഭാഗം, ലളി താംബികയുടെ 'ആത്മകഥയ്ക്ക് ഒരാമുഖം', കാണിപ്പയ്യൂരിന്റെ 'എന്റെ സ്മരണകൾ' 1,2,3 ഭാഗ ങ്ങൾ, വി.ടിയുടെ ആത്മകഥകൾ തുടങ്ങിയവ. മന്നത്തു പത്മനാഭൻ, എൻ. ശ്രീകണ്ഠൻ നായർ, എം.പി. മൻമഥൻ എന്നിവർ നായർ സമുദായചിത്രങ്ങൾ തങ്ങളുടെ ആത്മാവിഷ്കര ണങ്ങളിൽ ഉൾചേർക്കുന്നു. സി. കേശവന്റെ 'ജീവിതസമരം', സി.വി. കുഞ്ഞുരാമന്റെ 'ഞാൻ' എന്നിവ ഈഴവസമുദായ ചരിത്രവുമായി ബന്ധപ്പെടുന്നു. ചെറുകാടിന്റെ 'ജീവിതപ്പാത'യിൽ അമ്പലവാസികളുടെ ജീവിതരീതികൾ വായിക്കാം. മരുമക്കത്തായ തറവാട്ടു ചരിത്രത്തിന് ഒരു മാതൃകയാണ് എ.പി. ഉദയഭാനുവിന്റെ 'എന്റെ കഥയില്ലായ്മകൾ'. നമ്പൂതിരി സമുദായജീവിത പശ്ചാത്തലത്തിൽ അന്തർജ്ജനജീവിതത്തിന്റെ കെട്ടുപാടുകളെ സവിസ്തരം പ്രതിപാദിക്കുന്ന സ്മരണകളാണ് ദേവകി നിലയങ്ങോടിന്റെ 'വാതിൽ പുറപ്പാട്'.

കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും അഭിനേതാക്കളുടേയുമൊക്കെ ആത്മകഥകൾ വ്യക്തിയേയും വ്യക്തിയോടു ചേർന്നുനിൽക്കുന്ന സമൂഹത്തേയും ചിത്രീകരി ക്കുന്നു. എന്നാൽ സാമൂഹിക പ്രവർത്തകർ തങ്ങളുടെ ആത്മകഥകളിൽ തങ്ങൾ ഇടപെടുന്ന സമൂഹത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ഇത്തരം ആത്മകഥകൾ രാഷ്ട്രചരിത്രമായും സമുദായചരിത്രമായും സാസ്കാരിക ചരിത്രമായും പരിണമിക്കുന്നു.

സമകാല മലയാള ആത്മകഥകൾ പരിശോധിക്കുമ്പോൾ ആത്മകഥാകാരന്മാർ തങ്ങ ളുടെ വൈയക്തികഭാവങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്ന ഒരു പ്രവണത കാണാൻ കഴി യും. ഉദ്യോഗസ്ഥ-രാഷ്ട്രീയ പ്രമുഖർ നടത്തുന്ന ന്യായീകരണ കഥകളായി. നവീന ആത്മക ഥകൾ തരംതാഴുന്നു. സാധാരണക്കാരുടെ ആത്മകഥകൾ ഉന്നതരുടെ ആത്മകഥകളേക്കാൾ വിശ്വസനീയമാകുന്നതിന് ഉദാഹരണങ്ങളുണ്ട്. അസ്വസ്ഥതകളിൽനിന്ന് രക്ഷനേടാൻ എഴുത്ത് എന്ന തെറാപ്പിയെ ഒരു ഓവുചാലായി[12] സ്വീകരിച്ച ആത്മകഥാകാരിയാണ് സി. ജസ്മി. ആത്മ വിമർശനത്തിന്റെ പരിപാകമാണ് ഒരു ആത്മകഥാകാരന്റെ രചനയുടെ പാകം. കഥയും യാഥാർഥ്യവും തമ്മിലും കർത്താവും കൃതിയും തമ്മിലും ഒരഭേദ്യബന്ധം ഉണ്ടാകണം. ''എഴു

ത്തുകാരൻ ഒന്നിനെയും ഭയപ്പെടരുത്. ഭയന്നാൽ പിന്നെ എന്തോന്ന് എഴുതും?"[13] എന്നു ചോദിക്കുന്ന പുതുതലമുറ ആത്മകഥാകാരന്മാരുമുണ്ട്.

സമൂഹത്തിൽ മാതൃകയായിട്ടുള്ളവരുടെ ആത്മകഥകൾ വായിച്ച് അതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പുതുതലമുറ ജീവിതം പഠിക്കണം എന്നൊരു പാഠം പൊതുസമൂഹം അംഗീകരിക്കുന്നുണ്ട്. അടുത്തകാലത്ത് പുറത്തുവരുന്ന ചില ആത്മകഥകൾ ഈ സാഹിത്യരൂപത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെതന്നെ മാറ്റിമറിക്കുന്നു. ആത്മനിഷ്ഠരചനകൾ സാമൂഹിക ഭാവങ്ങൾ ഉൾചേർത്ത് അവതരിപ്പിച്ചാലേ അവ സമൂഹഗന്ധിയാവുകയുള്ളൂ. ആത്മരതി ദുരഭിമാനമാണെന്ന ബോധ്യവും സാമൂഹികഭാവങ്ങളും മൂല്യങ്ങളും ഇഴചേരുന്ന പ്രവർത്തനങ്ങളും ഊടും പാവും നെയ്യുന്ന ആത്മകഥകളേ സമൂഹത്തിന് ഗുണാത്മകഫലങ്ങൾ നൽകുകയുള്ളൂ. 'പുനരാലോചനകൾ, പരിഷ്കരണങ്ങൾ എന്നീ സൂചനകൾവഴി മാറ്റങ്ങൾക്ക് വിധേയമാകാനും കാരണമാകാനും തയാറുള്ള വ്യക്തികളാകണം ആത്മകഥയെഴുതാൻ'[14] എന്ന് അക്ബർ കക്കട്ടിൽ പ്രസ്താവിക്കുന്നു. മാറ്റങ്ങൾക്ക് വിധേയമാവാൻ തയാറുള്ളവർക്ക് മാത്രമെ സമൂഹത്തിലും പരിവർത്തനങ്ങൾ വരുത്താൻ സാധിക്കൂ.

കുറിപ്പുകൾ

1. Evertt M. Rogers, 'Social Change to Rural Society', P. 39
2. Editors of American heritage dictionaries, "The American Heritage Dictionary of English Language, Houghton Mifflin Company, 2009. P. 121
3. അമരസിംഹൻ, 'അമരകോശം', പുറം 430
4. P.B. Shelly, Definition of Poetry, English Critical Texts, P. 225
5. മുഹമ്മദലി പി.കെ. (വിവ.) എന്താണ് ചരിത്രം? Edward Hallet Caar- 'What is history?'
6. Grolier Bernard S. Cayne (edr.) The New Lexicon Welster's Dictionary of English Usage. P. 430
7. കെ.പി. അപ്പൻ, 'പേനയുടെ സമരമുഖങ്ങൾ', പുറം 46
8. കെ.സി. മാമ്മൻ മാപ്പിള, 'ജീവിതസ്മരണകൾ', പുറം (iii) അവതാരിക
9. കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, പുറം 72
10. എം.പി. മൻമഥൻ, സ്മൃതിദർപ്പണം' (ആത്മകഥ), പുറം 77
11. കെ.ആർ. ഗൗരിയമ്മ, 'ആത്മകഥ', പുറം (iv) മുഖവുര
12. ജെസ്മി, ആമ്മേൻ, പുറം (iv) ആത്മരേഖ (മുഖവുര)
13. ജോർജ് ജോസഫ് കെ., 'ഞാൻ മരിച്ചു എന്ന് അവർ പറഞ്ഞു.', ജേക്കബ് വർഗീസ് (മറിയമ്മ) എന്ന വർക്കിച്ചൻ നൽകിയ അഭിമുഖത്തിൽനിന്ന്, മാധ്യമം, ഒക്ടോബർ 17 2011

14. അക്ബർ കക്കട്ടിൽ, 'ചൊൽപടി-സൺഡേ ദീപിക', ദീപിക ദിനപ്പത്രം, 4.3.2012

ഗ്രന്ഥസൂചി


1. അപ്പൻ കെ.പി. 'പേനയുടെ സമരമുഖങ്ങൾ' ഇംപ്രിന്റ് കൊല്ലം 1995
2. അമരസിംഹൻ- 'അമരകോശം' എൻ.എസ്.എസ്. 1959
3. കേശവമേനോൻ കെ.പി. 'കഴിഞ്ഞകാലം' മാതൃഭൂമി ബുക്സ് 2005
4. ഗൗരിയമ്മ കെ.ആർ. 'ആത്മകഥ' മാതൃഭൂമി ബുക്സ് 2011
5. ജെസ്മി 'ആമേൻ' ഡി.സി. ബുക്സ് 2009
6. മൻമഥൻ എം.പി. 'സ്മൃതിദർപ്പണം' ഡി.സി. ബുക്സ് 1936
7. മാമ്മൻ മാപ്പിള കെ.സി. 'ജീവിതസ്മരണകൾ' മനോരമ പബ്ലിക്കേഷൻസ് 1977
8. മുഹമ്മദലി പി.കെ. (വിവ.) 'എന്താണ് ചരിത്രം?' കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2008
9. Rogers Evertt M. 'Social Change to Rural Society' Appleton Century Crafts New York 1960
10. Grolier, Bernard S, Cayne (Edi) The New Leicon Welsters Dictionary of English Usage. Houghton Mifflin company 2009.